**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6** | **22-02-2022 - ൽ മറുപടിയ്ക്ക്**

**പഠന വെല്ലുവിളി നേരിടുന്ന കുട്ടികളും അവരുടെ മാതാപിതാക്കളും നേരിടുന്ന ബുദ്ധിമുട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ സംവിധാനങ്ങളുടെ കാലാകാലങ്ങളായുള്ള ഏകോപനമില്ലായ്മ മൂലം പഠനവെല്ലുവിളി നേരിടുന്ന കുട്ടികളും അവരുടെ മാതാപിതാക്കളും നിയമാനുസൃതമായ പരീക്ഷാനുകൂല്യം ഉറപ്പാക്കാനായി ഓരോ വർഷവും ജനുവരി മാസം മുതൽ ബുദ്ധിമുട്ട് നേരിടുന്ന അവസ്ഥയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ പഠനവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പരീക്ഷാനുകൂല്യം ഉറപ്പാക്കാനായി ഒരോ വർഷവും സ്കൂൾ അദ്ധ്യയനാരംഭത്തിൽ തന്നെ പൊതുവിദ്യാഭ്യാസ വകുപ്പ് കാര്യക്ഷമമായി ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കുകയും വിവിധ വിദ്യാഭ്യാസ ഏജൻസികളുമായി ഏകോപനം നടത്തുകയും അതിനനുസൃതമായ നിർദ്ദേശങ്ങൾ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകുകയും ചെയ്തുവരുന്നു. 2021 - 22 വർഷാരംഭത്തിൽ തന്നെ പൊതുവിദ്യാഭ്യാസ വകുപ്പ് പഠന വൈകല്യം നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള പരീക്ഷാ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 2021 - 22 വർഷത്തെ സ്പെസിഫിക് ലേണിംഗ് ഡിസ്എബിലിറ്റി നിർണ്ണയം സ്കൂൾ തലത്തിൽ നടത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിലുള്ള സമാഹൃത ലിസ്റ്റ് ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർക്ക് നൽകുന്നതിനും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് സമയബന്ധിതമായി ലഭിക്കുന്നതിനും വേണ്ടി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് മെഡിക്കൽ ബോർഡ് ചേരുന്നതിനുള്ള അവസരം ഒരുക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടർ ഓഫീസിൽ നിന്നും, വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാതിക്ക് ഇടവരാത്ത രീതിയിൽ വിദ്യാഭ്യാസ വകുപ്പ് വേണ്ട ഇടപടലുകൾ ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായുള്ള ക്ലിനിക്കൽ/റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റുകളുടെ അപര്യാപ്തത, മെഡിക്കൽ ബോർഡുകൾ കൂടാൻ വൈകൽ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സഹകരണത്തോടെ പഠനവൈകല്യം കണക്കാക്കാനായുള്ള നടപടികളുടെ അപര്യാപ്തത എന്നിവ തുടരുന്നതാണിതിനു | (ബി) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | പ്രസ്തുത വിഭാഗം കുട്ടികൾക്ക് വെല്ലുവിളികളെ തരണം ചെയ്ത് മുഖ്യധാരയിലെത്താനായിട്ടും, കുട്ടികളുടെയും മാതാപിതാക്കളുടെയും നിരാശ ഇല്ലാതാക്കുന്നതിന് സംസ്ഥാന വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യനീതി വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി ഒരു പുതിയ സംവിധാനം ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ